## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *252** | **12.03.2018-ൽ മറുപടിയ്ക്ക്**

## കേരള റോഡ് ഫണ്ട് ബോർഡിന്റെ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ**<br>**,, .സണ്ണി ജോസഫ്**<br>**,, .വി.ഡി.സതീശൻ**<br>**,, .കെ.എസ്.ശബരീനാഥൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; | (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിൽ ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>നിർമ്മാണം പൂർത്തിയാക്കിയ തിരുവനന്തപുരം, കോഴിക്കോട് നഗര റോഡു വികസന പദ്ധതികൾ ഇപ്പോൾ 15 വർഷത്തെ പരിപാലന ഘട്ടത്തിലാണ്.<br>ആലപ്പുഴ നഗര റോഡു വികസന പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു.<br>കണ്ണൂർ നഗര റോഡു വികസന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. |
| (ബി) കെ.ആർ.എഫ്.ബി. യുടെ പ്രവർത്തനങ്ങൾക്ക് മുടക്കുന്ന തുകയുടെ തിരിച്ചടവ് എപ്രകാരമാണ്; | (ബി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടി ആന്വിറ്റി മാതൃകയിൽ നടപ്പിലാക്കുന്ന പദ്ധതികളായതിനാൽ കൺസഷണർക്ക് 15 വർഷത്തേക്ക് ആന്വിറ്റിയിനത്തിലുള്ള തിരിച്ചടവാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

| | |
|---|---|
| (സി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ പത്ത് ശതമാനം വിഹിതം കെ.ആർ.എഫ്.ബി.യ്ക്ക് ലഭ്യമാക്കേണ്ടതുണ്ടോ; | (സി) കേരള റോഡ് ഫണ്ട് ആക്ട് പ്രകാരം മോട്ടോർ വാഹന നികുതിയിനത്തിൽ ലഭ്യമാകുന്ന തുകയുടെ 10% വിഹിതം കെ.ആർ.എഫ്.ബി. യ്ക്ക് ലഭ്യമാക്കേണ്ടതുണ്ട്. |
| (ഡി) മോട്ടോർ വാഹന നികുതിയുടെ പത്ത് ശതമാനം കിഫ്ബിയിലേക്ക് മാറ്റിയത് മൂലം കെ.ആർ.എഫ്.ബി. ക്ക് ഫണ്ട് ലഭിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (ഡി) 2017-18 സാമ്പത്തിക വർഷം കെ.ആർ.എഫ്.ബിക്ക് 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 221.07 കോടി രൂപ (നോൺ പ്ലാൻ ഫണ്ട്) വകയിരുത്തിയിട്ടുണ്ട്. അതിൽ 100 കോടി രൂപ നാളിതുവരെ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 121 കോടി രൂപ ഫണ്ട് ലഭ്യതക്കനുസരിച്ച് ധനകാര്യ വകുപ്പ് നൽകുന്നതാണ്. 2018-19 സാമ്പത്തിക വർഷം 3054-80-800-92 ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരം 254.75 കോടി രൂപ മോട്ടോർ വാഹന നികുതിയിനത്തിൽ വിഹിതമായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ